## 374

1 വന്നിടേണം യേശുനാഥാ! ഇന്നീയോഗമദ്ധ്യേ നീ
തന്നരുൾക നിൻ വരങ്ങൾ നിൻസ്തുതി കൊ ാടുവാൻ

2 മന്നിടത്തിൽ വന്ന നാഥാ! പൊന്നു തിരുമേനിയേ!
നന്ദിയോടിതാ നിൻ ദാസർ വന്നു നിന്നെ കുമ്പിടാൻ

3 ആണിയേറ്റ പാടുകളെ കാണിച്ചിന്നീ ദാസരെ
നാണിക്കാത്ത സാക്ഷികളായ് തീർക്കണം എന്നേശുവേ

4 താതനാമെൻ ദൈവമേ ശ്രീയേശുനാമം മൂലമേ
തന്നിടേണമാത്മദാനം പ്രാർത്ഥന ചെയ്തീടുവാൻ

5 വൈരിയാം ജഡം പിശാചു ലോകമെന്നിവയിതാ
ഘോരസേനയോടു വന്നു പോരിനായ് മുതിർന്നഹോ

6 ഇത്ര വല്യസേനയോടെ തീർപ്പതിനു ഞങ്ങളിൽ
ത്രാണിയേതുമില്ലാ കർത്താ പാദത്തിൽ വീണിടുന്നേൻ

7 വിക്കനാകും മോശയെ നീ വാക്കിലേറ്റം ധീരനായ്
ആക്കിയല്ലോ നിൻകൃപാ വരങ്ങളാലെൻ ദൈവമേ

8 ആടുകൾക്കിടയനേ നിൻ പൊന്നുനാദം കേട്ടിതാ
നാടുവിട്ടു വീടുവിട്ടു കൂട്ടം വിട്ടിറങ്ങിയേ

9 ഇസ്രയേലിൻ ഗോത്രങ്ങൾക്കു മുൻനടന്ന മേഘമേ
ഇന്നീ ദാസർ മുൻനടന്നു കാട്ടിടേണമേ വഴി

10 ഹല്ലേലുയ്യ യേശുവിനും താതനാത്മനെന്നുമേ
ഹല്ലേലുയ്യാ നിത്യകാലം നിത്യഗാനം പാടും ഞാൻ-